# പദ്ധതി രൂപരേഖ

| നമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| 1 | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് RTO യുമായി അഭിമുഖം UP Class | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. | |
| 2 | ട്രാഫിക് സിഗ്നൽ റീൽസ് നിർമാണ മത്സരം LP Class | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. | |
| 3 | " വെടിപ്പോടെ പഠിക്കാം " ശുചിത്വ പദ്ധതി - കുട്ടികളുടെ മോണിറ്ററിങ് ടീം - നിരന്തരവിലയിരുത്തലുകൾ - മികച്ച ക്ലാസുകളെ കണ്ടെത്തൽ, ട്രോഫി നൽകൽ | ജൂൺ - മാർച്ച് | സ്കൗട്ട് & ഗൈഡ്- ഹെൽത്ത് ക്ലബ്ബ്- ശുചിത്വ അംബാസിഡർ | |
| 4 | Public Speaking skill Development programme | once in a month | English Club | |
| 5 | Speech cafe | June to February | English Club | |
| 6 | വാനനിരീക്ഷണ ക്ലാസ്സ് | ഡിസംബർ/ ജനുവരി | ശാസ്ത്ര ക്ലബ്ബ്. | |
| 7 | ഗണിത പഠനോപകരണ ശില്പശാല | സെപ്റ്റംബർ | ഗണിത ക്ലബ്ബ് | |
| 8 | ചിറക് - ( RE-TEACH ) | ജൂൺ മുതൽ ജനുവരി വരെ | ക്ലാസധ്യാപകർ | |
| 9 | " ചിറകുണ്ട് ; മീതെ ആകാശവും" പഠന വിടവുള്ള കുട്ടികൾക്കുള്ള ശില്പശാല | ഒക്ടോബർ | സ്റ്റാഫ് | |
| 10 | English language skills development programme - expert's class | December | English club | |
| 11 | WE CAN ( World of English Classroom's Atmosphere Nourishment programme) - To enhance and enrich English language skills. Peer group learning - VII Standard. | June to February | English club | |
| 12 | വായനാജാലകം - സമീപപ്രദേശത്തെ ലൈബ്രറി സന്ദർശനം, എഴുത്തുകാരനുമായി അഭിമുഖം. - കുട്ടിപ്പത്രം - സ്കൂൾ വാർത്തകൾ ഉൾപ്പെടുത്തി കുട്ടികൾ തയ്യാറാക്കുന്ന e-പത്രം - വാർത്താജാലകം - (വാർത്താവായന) - പത്രവിശേഷം - പത്രവാർത്താക്വിസ് | ജൂലൈ മുതൽ ജനുവരി വരെ | വിദ്യാരംഗം കലാസാഹിത്യവേദി. ഐടി ക്ലബ്ബ് | |
| 13 | "അക്ഷരപ്പറവകൾ" - കുട്ടികളുടെ രചനാ സമാഹാരം | ഡിസംബർ - ജനുവരി | വിദ്യാരംഗം കലാസാഹിത്യവേദി | |
| 14 | മയക്കുമരുന്ന് വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, ലഹരി വിരുദ്ധ റാലി, പോസ്റ്റർ നിർമ്മാണ മത്സരം | ജൂൺ | ശാസ്ത്രക്ലബ്ബ് | |

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025- 26

# കടവത്തൂർ വെസ്റ്റ് യുപി സ്കൂൾ



# ആമുഖം

വിദ്യാഭ്യാസം സാധാരണ പാഠപുസ്തകങ്ങളിലെ അറിവുകൾക്കപ്പുറം പാഠ്യേതര പ്രവർത്തനങ്ങൾ കൂടി ഉൾക്കൊള്ളേണ്ടിയിരിക്കുന്ന സമഗ്രമായ ഒരു പ്രക്രിയയാണ്. വിദ്യാർത്ഥികളിലെ അറിവ്, കഴിവ്, മൂല്യബോധം എന്നിവ വികസിപ്പിച്ച് അവരെ ജീവിതത്തിനും സമൂഹത്തിനും തയ്യാറാക്കുക എന്നത് നമ്മുടെ സ്കൂളിന്റെ വിദ്യാഭ്യാസ ദൗത്യമാണ്. ഇതിന്റെ ഭാഗമായി ആവിഷ്കരിക്കുന്ന 2025-ലെ അക്കാദമിക മാസ്റ്റർ പ്ലാൻ, വിവിധ  ക്ലബ്ബുകളും അധ്യാപകസമൂഹവും ചേർന്ന് രൂപപ്പെടുത്തിയതാണ്.

വിദ്യാർത്ഥികളിൽ സാമൂഹികബോധം, ശുചിത്വശീലങ്ങൾ, സംവേദനക്ഷമത, ശാസ്ത്ര സാങ്കേതിക സഞ്ചാരശീലങ്ങൾ, ഭാഷാപാടവം, ഗണിതബോധം, വായനാശീലങ്ങൾ തുടങ്ങിയവ വളർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റോഡ് സുരക്ഷയിലേക്ക് അവബോധം ഉണർത്തുന്ന സംവാദ പരിപാടികൾ, ട്രാഫിക് സിഗ്നൽ റീൽസ് മത്സരങ്ങൾ, വിദ്യാലയ ശുചിത്വത്തിൽ കുട്ടികളെ പങ്കെടുപ്പിപ്പിക്കുന്ന ശുചിത്വപദ്ധതികൾ, സമൂഹം അഭിമുഖീകരിക്കേണ്ട വിഷയങ്ങളിൽ പ്രസംഗ പരിശീലന പരിപാടികൾ, ശാസ്ത്രപരമായ ക്ലാസുകളും നിരീക്ഷണ പരിപാടികളും, ഗണിത ശില്പശാലകളും, ഭാഷാശേഷി വികസന പരിപാടികളും, കുട്ടികൾ തന്നെ തയ്യാറാക്കുന്ന വായനാ മാധ്യമങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളിൽ നേതൃത്വം, പങ്കാളിത്തം, അന്വേഷണാത്മകത, സാമൂഹിക ചിന്ത എന്നിവ വളർത്തുകയാണ് പ്രധാന ഉദ്ദേശ്യം.

ഈ പദ്ധതികൾ കുട്ടികളുടെ സംയോജിത വളർച്ചയ്ക്ക് ഉതകുംവിധം, ജീവിതാനുഭവങ്ങൾ ഉൾക്കൊള്ളുന്ന അനുഭവപരിശീലനങ്ങളായി ആവിഷ്കരിക്കപ്പെടുന്നതാണ്. ക്ലബ്ബ് തലത്തിൽ, ടീം തലത്തിൽ, ക്ലാസ് തലത്തിൽ എന്നിങ്ങനെ വൈവിധ്യമാർന്ന പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്ന ഈ പ്രവർത്തനങ്ങൾ കുട്ടികളിൽ പഠനത്തിന്റെ ആനന്ദം, സ്വമേധയാ പഠിക്കാനുള്ള ഉദ്ദേശം എന്നിവ വളർത്തുമെന്നും  പ്രതീക്ഷിക്കുന്നു.

ഈ പദ്ധതിയിൽ, പത്രവായനയും സാധാരണ വായനയും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറെ പ്രധാന്യത്തോടെ ഉൾപ്പെടുത്തിയിട്ടുണ്ട്.  ലൈബ്രറി സന്ദർശനം, സാഹിത്യകാരനുമായി അഭിമുഖം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്.  വിദ്യാർത്ഥികളിൽ വിവരബോധം, ഭാഷാശേഷി, ചിന്താശക്തി, വിശകലനക്ഷമത എന്നിവ വളർത്തുന്നതിന് പത്രവായന അത്യന്താപേക്ഷിതമാണ്. ഈ പശ്ചാത്തലത്തിലാണ് "വായനാജാലകം" പദ്ധതിയുടെ ഭാഗമായി വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

## ലക്ഷ്യങ്ങൾ:

1. വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം വളർത്തുക.

2. ശാസ്ത്രം ഗണിതം തുടങ്ങിയ മേഖലകളിൽ കൂടുതൽ ആഴത്തിലുള്ള പഠനം പ്രോത്സാഹിപ്പിക്കുക.

3. ശുചിത്വബോധം, റോഡ് സുരക്ഷ തുടങ്ങിയ ശീലങ്ങൾ കുട്ടികളിൽ വളർത്തുക.

4. ഭാഷാശേഷികൾ, പ്രസംഗം, വായനാശീലം മുതലായ മേഖലകളിൽ നൈപുണ്യം നേടുക.

5. ശാസ്ത്രം, ഗണിതം, ഐടി, കലാസാഹിത്യം തുടങ്ങിയ മേഖലകളിൽ അറിവ് വർദ്ധിപ്പിക്കുക.

6. വിദ്യാർത്ഥികളിൽ ആത്മവിശ്വാസം, നേതൃത്വഗുണം തുടങ്ങിയവ വളർത്തുക.

7. വിദ്യാർത്ഥികളുടെ പങ്കാളിത്തം കൂടുതലാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

## പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

1. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് RTO യുമായി അഭിമുഖം

2. - ട്രാഫിക് സിഗ്നൽ റീൽസ് നിർമാണ മത്സരം

3. " വെടിപ്പോടെ പഠിക്കാം " ശുചിത്വ പദ്ധതി

4. Public Speaking skill Development programme

5. Speech cafe

6. വാനനിരീക്ഷണ ക്ലാസ്സ്

7. ഗണിത പഠനോപകരണ ശില്പശാല

8. ചിറക് - Re-Teach

9. " ചിറകുണ്ട് ; മീതെ ആകാശവും" പഠന വിടവുള്ള കുട്ടികൾക്കുള്ള ശില്പശാല

10. English language skills development programme

11. WE CAN ( World of English Classroom's Atmosphere Nourishment programme)

12. വായനാജാലകം

13. അക്ഷരപ്പറവകൾ - കുട്ടികളുടെ രചനാ സമാഹാരം

14. മയക്കുമരുന്ന് വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, ലഹരി വിരുദ്ധ റാലി, പോസ്റ്റർ നിർമ്മാണ മത്സരം